"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം-തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ എസ്.ജയകുമാറിനെതിരായ പരാതി- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1878/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/09/2021

---

പരാമർശം:- 1 തിരൂരങ്ങാടി നഗരസഭാ ചെയർപേഴ്സണിന്റെ 06.04.2018 ലെ 6049/18 -ാം നമ്പർ കത്ത്.

2 നഗരകാര്യ ഡയറക്ടറുടെ 02.12.2019 ലെ വി2- 8563/2018-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ് ജയകുമാറിനെതിരെ ടി നഗരസഭാ ചെയർപേഴ്സൺ പരാമർശം (1) പ്രകാരം ഒരു പരാതി സമർപ്പിയ്ക്കുകയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങൾക്കും, ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയും, നഗരസഭാ ചെയർപേഴ്സണിന്റെ നിയമാനുസൃതമായ നിർദ്ദേശങ്ങൾ ധിക്കരിക്കുകയും ചെയ്യുന്ന ടി നഗരസഭാ സെക്രട്ടറിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പ്രസ്തുത പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. കേരള മുനിസിപ്പാലിറ്റി വകുപ്പ് 229 A(3) പ്രകാരം മുനിസിപ്പാലിറ്റിയിലെ തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പരുഷമായ ഭാഷയും ആംഗ്യവും പ്രവൃത്തികളും പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് പരസ്പര ബഹുമാനം പുലർത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ വകുപ്പ് 271 M(2) പ്രകാരം തിരൂരങ്ങാടി ചെയർപേഴ്സൺ നൽകിയ പരാതിയിന്മേൽ നഗരസഭാ സെക്രട്ടറിയ്ക്കെതിരെ വിവിധ ആരോപണങ്ങൾ ഉന്നയിച്ചിരിയ്ക്കുന്ന സാഹചര്യത്തിലും ചെയർപേഴ്സൺ നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിലേയ്ക്ക് ഓംബുഡ്സ്മാന് റഫർ ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി ചെയർപേഴ്സന്റെ പരാതി , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ വകുപ്പ് 271 M(2) പ്രകാരം, ഓംബുഡ്സ്മാൻ അന്വേഷണത്തിനായി ശുപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

പകർപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
ചെയർപേഴ്സൺ, തിരൂരങ്ങാടി നഗരസഭ (നഗരസഭാ സെക്രട്ടറി മുഖേന).
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മേന്റ്.
ശ്രീ എസ്.ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ